## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ :*311

09.04.2013 ൽ മറുപടിക്ക്

### സർക്കാർ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഊർജിത നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി.സി.വിഷ്ണുനാഥ് :<br>ശ്രീ. വി.ഡി. സതീശൻ : | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത കൈയ്യേറ്റത്തിൽ നിന്നും സർക്കാർ ഭൂമിയെ സംരക്ഷിക്കുന്നതിനുള്ള ഊർജിത നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കമോ ; | (എ) സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ തടയുന്നതിനും, ഒഴിപ്പിച്ചെടുത്ത സർക്കാർഭൂമി സംരക്ഷിക്കുന്നതിനുമായി ഭൂസംരക്ഷണ സേനയ്ക്ക് (PLPF) രൂപം നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടമെന്ന നിലയിൽ ഇടുക്കി ജില്ലയിലാണ് സേനയെ വിന്യസിച്ചിട്ടുള്ളത്. സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുക, ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുക എന്നിവയാണ് ഈ സേന മുഖേന ലക്ഷ്യമിടുന്ന പ്രധാന ദൗത്യങ്ങൾ പ്രസ്തുത ലക്ഷ്യപ്രാപ്തിക്കായി ടി സേനാംഗങ്ങളെ ബന്ധപ്പെട്ട തഹസീൽദാരുടെ നിയന്ത്രണത്തിൻ കീഴിൽ വിന്യസിപ്പിച്ചിട്ടുണ്ട്. സേനയുടെ സേവനം എവിക്ഷൻ സ്ക്വാഡുകളിലും മറ്റും ഉപയോഗപ്പെടുത്തി വരുകയും ചെയ്യുന്നു. കൂടാതെ സർക്കാർ ഭൂമി കണ്ടെത്തി തിട്ടപ്പെടുത്തുക. ജാഗ്രതയോടെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തികൊണ്ട് കേരളാ സംസ്ഥാന റവന്യൂ വകുപ്പിന് കീഴിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ നിയന്ത്രണത്തിലും നേതൃത്വത്തിലും കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക് പ്രവർത്തിച്ചു വരുന്നു. കൂടാതെ 2009-ൽ |

| | |
|---|---|
| | സർക്കാർ ഭൂമി കയ്യേറ്റം ക്രിമിനൽ കുറ്റമാക്കികൊണ്ട് നിയമ ഭേദഗതിയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) സർക്കാർ ഭൂമിയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിച്ചെടുത്ത സർക്കാർ ഭൂമി സംരക്ഷിക്കുന്നതിനുമായിട്ടാണ് പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിന് (PLPF) പ്രധാനമായും രൂപം നൽകിയിരിക്കുന്നത്. ഫോഴ്സ് ഇടുക്കി ജില്ലാ കളക്ടറുടെ നിയന്ത്രണത്തിൻ കീഴിലാണ് പ്രവർത്തിക്കുന്നത്. നീരിക്ഷണത്തിനായി നൽകിയിരിക്കുന്ന സർക്കാർ ഭൂമികളിൽ കുറഞ്ഞത് മൂന്ന് എണ്ണമെങ്കിലും ഒരു ദിവസം ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സിലെ അംഗങ്ങൾ നിരീക്ഷിക്കേണ്ടതുണ്ട്. കയ്യേറ്റങ്ങൾ കണ്ടെത്തുന്ന പക്ഷം പ്ലാറ്റൂൺ ഹെഡിന്റെ നേതൃത്വത്തിൽ കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യുന്നു. അങ്ങനെ ഒഴിപ്പിക്കാൻ കഴിയാത്ത കയ്യേറ്റങ്ങളിൽ കയ്യേറ്റക്കാർക്കെതിരെ ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ പരാതി രജിസ്റ്റർ ചെയ്യുന്നതും, കേരള ഭൂസംരക്ഷണ നിയമപ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. 2008-2009 കാലഘട്ടത്തിൽ സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് തുടക്കം കുറിച്ച പദ്ധതിയായ" കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്ക്" വഴി സർക്കാർ ഭൂമിയെ സംബന്ധിച്ച വിവര ശേഖരണം നടത്തി ആയത് നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ സ്ഥായിയായി സൂക്ഷിക്കുന്നതും, സർക്കാർ ഭൂമി നിരന്തര നീരീക്ഷണത്തിലൂടെ സംരക്ഷിക്കുന്നതുമാണ്. |
| (സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സമ്പ്രദായം വഴി ലഭിക്കുന്നത് ; വിശദമാക്കുമോ ; | (സി) കേരളത്തിലെ ഓരോ തുണ്ട് സർക്കാർ ഭൂമിയുടെയും വിവരങ്ങൾ കേരളാ സ്റ്റേറ്റ് ലാന്റ് ബാങ്കിന്റെ |

| | |
|---|---|
| | http//www.kslb kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പൊതു ജനങ്ങൾക്ക് വിവരങ്ങൾ വിരൽ തുമ്പിൽ ലഭിക്കുന്നതിന് ഉതകുംവിധം ഓരോ സർക്കാർ ഭൂമിയ്ക്കും 12 ക്യാരക്ടർ ഉള്ള ഒരു യൂണിക്ക് ഐ.ഡി.നമ്പർ നൽകുന്നു. ഇതിന്റെ സഹായത്താൽ വെബ്സൈറ്റിൽ നിന്നും പൊതു ജനങ്ങൾക്ക് ഓരോ സർക്കാർഭൂമി യുടെയും വിവരങ്ങൾ വേഗത്തിൽ ലഭ്യമാകുന്നു. ലാന്റ് ബാങ്കിൽ ശേഖരി ച്ചിട്ടുള്ള വിവരങ്ങളിൽ ഉൾപ്പെടാതെ പോയിട്ടുള്ള സർക്കാർ ഭൂമികളോ അനധികൃത കയ്യേറ്റങ്ങളോ മറ്റ് വിവരങ്ങളോ ഉണ്ടെങ്കിൽ ആയത് 1800 425 5255 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ചറിയിച്ച് ഈ സംരംഭത്തിൽ പൊതുജനങ്ങൾക്കും ഭാഗമാകാനുള്ള അവസരവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്? | (ഡി) റവന്യൂ വകുപ്പിലെ അഡീഷണൽ തഹസീൽദാർ, വില്ലേജ് ഓഫീസർ മാർ, കേരളാസ്റ്റേറ്റ് ലാന്റ് ബാങ്ക്, പബ്ലിക് ലാന്റ് പ്രൊട്ടക്ഷൻ ഫോഴ്സ്. |

സെക്ഷൻ ഓഫീസർ